LIBRARY ARCHIVES Kerala Legislative Assembly

മയ്യനാട് താന്നിപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനം

107 [420] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മയ്യനാട് താന്നിപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനത്തെ സംബന്ധിച്ച് ബഹു: വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനപ്രകാരം ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) നിർമ്മാണ പ്രവർത്തനം എന്ന് പുനരാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) പുതുക്കിയ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇരുത്തിക്കരയാറ്റിൽ പെരുപ്പയത്ത് പാലം നിർമ്മിക്കാൻ നടപടി

108 [421] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം. വെളിനല്ലൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതിനായി ഇരുത്തിക്കരയാറ്റിൽ പെരുപ്പയത്ത് പാലം നിർമ്മിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) എന്ന് പൂർത്തീകരിക്കത്തക്ക നിലയിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്?

ഉത്തരം

(എ) പെരുപ്പയം പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനു വേണ്ടിയുള്ള സ്ഥലം അക്വയർ ചെയ്യുന്നതിനായി കല്ലിട്ട് അക്വിസിഷൻ നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നു.

(ബി) ഡിസൈൻ തയ്യാറാക്കി കിട്ടുന്ന മുറയ്ക്ക് എത്രയും വേഗം പണി ആരംഭിക്കുന്നതിനു വേണ്ട മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

ചേർപ്പ് നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

109 [422] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ അഴിമാവ്കടവ് പാലം പണിയുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പഴുവിൽ പാലം പുതുക്കി പണിയുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;